## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.650** **29.11.2018-ൽ മറുപടിക്ക്**

### അരൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

| | ചോദ്യം<br>ശ്രീ. എ.എം. ആരിഫ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ വിശദമാക്കാമോ? | | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അരൂർ നിയോജക മണ്ഡലത്തിൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളിലുൾപ്പെടുത്തി 3.025 കോടി രൂപ ചെലവിൽ 3.4 കി മി എച്ച് ടി ലൈനുകളും 17.058 കി മി എൽ ടി ലൈനുകളും പുതുക്കി സ്ഥാപിക്കുകയും 22.34 കി മി ലൈൻ കൺവേർഷൻ നടത്തുകയും 18 കി മി എൽ ടി ലൈനും 14.43 കി മി എച്ച് റ്റി ലൈനും നിർമ്മിക്കുകയും 8 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്<br><br>SAGY ഉൾപ്പെടെയുള്ള ഡി ഡി യു ജി ജെ വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 4.91 കോടി രൂപ ചെലവിൽ 1128 കണക്ഷൻ നൽകുകയും 23.97 കി.മീ എൽ .ടി. ലൈനുകളും 23.922 കി.മീ എൽ.ടി എ.ബി.സിയും 2.9 കി.മീ എച്ച്.ടി എ.ബി.സിയും വലിക്കുകയും 15 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 4 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും 2.5 കി മി എൽ ടി ലൈനും 8.5 കി മി എച്ച് റ്റി ലൈനും പുതുക്കി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്<br><br>അരൂർ നിയോജക മണ്ഡലത്തിലെ മാട്ടേൽ തുരുത്തിലേയ്ക്ക് 10 കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിനു വേണ്ടി വേമ്പനാട്ടു കായലിൻ കുറുകെ ടവറുകൾ സ്ഥാപിച്ച് 320 മീറ്റർ ലൈൻ വലിക്കുന്ന പ്രവൃത്തി പുരോഗതിയിലാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ എരമല്ലൂർ സബ് സ്റ്റേഷനിൽ നിന്നും 6.5 കി.മീ 11 കെ വി കേബിൾ വലിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.<br><br>അരൂർ മണ്ഡലത്തിലെ എരമല്ലൂരിൽ 12.5 എം.വി.എ ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണവും അനുബന്ധമായി നിലവിലുള്ള എസ്.എൽ.പുരം – ചെല്ലാനം 110 കെ.വി ലൈനിൽ നിന്നും വലിക്കുന്ന 250 മീറ്റർ ഡബിൾ സർക്യൂട്ട് 110 കെ.വി ലൈനിന്റെ നിർമ്മാണവും പുരോഗമിച്ച് വരുന്നു. കൂടാതെ അരൂർ സബ്സ്റ്റേഷനിൽ ഒരു 20 എം.വി.എ ശേഷിയുള്ള ട്രാൻസ്ഫോർമറും സ്ഥാപിച്ചിട്ടുണ്ട്.<br><br>എനർജി മാനേജ്മെന്റ് സെന്റർ മുഖേന അരൂർ മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി 110 കെ വി സബ്സ്റ്റേഷന്റെ പുരപ്പുറത്ത് 20 കിലോ വാട്ട് പീക്ക് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുകയും, പെരുമ്പളം ഗ്രാമപഞ്ചായത്തിനെ മാതൃകാ ഊർജ്ജ കാര്യക്ഷമത ഗ്രാമ പഞ്ചായത്താക്കി മാറ്റുന്നതിന്റെ ഭാഗമായി ഗാർഹിക ഉപഭോക്താക്കൾക്ക് 9 വാട്ട്സിന്റെ 6000 എൽ.ഇ.ഡി ബൾബുകൾ ബൾബ് ഒന്നിന് 50 രൂപ നിരക്കിൽ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ